# പത്രക്കുറിപ്പ്

ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസിലെ ഫയർമാൻ (ട്രെയിനി) (കാറ്റഗറി നമ്പർ 069/2017) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 02.08.2018 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള നീന്തൽ ക്ഷമതാ പരീക്ഷ 2018 സെപ്തംബർ 25 മുതൽ 27 വരെ തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടം ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, എറണാകുളം ജില്ലയിലെ കോതമംഗലം MAR ATHANASIUS കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടത്തുന്നു. നീന്തൽക്ഷമതാ പരീക്ഷയ്ക്ക് യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapsc.gov.in), ഓരോ ഉദ്യോഗാർത്ഥികളുടെയും പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് Profile Message, രജിസ്റ്റർ ചെയ്ത Mobile Number ൽ Message എന്നിവ അയച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ നിർബന്ധമായും നൈലോൺ നിർമിത Swimming Suit ധരിച്ച് വേണം നീന്തൽക്ഷമതാ പരീക്ഷയ്ക്ക് പങ്കെടുക്കേണ്ടത്. അതിലേക്കായി Swimming Suit ഉൾപ്പെടെയുള്ള സംഗതികൾ ഉദ്യോഗാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. അല്ലാതെയുള്ള ഉദ്യോഗാർത്ഥികൾക്ക് നീന്തൽക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാൻ അവസരം നൽകുന്നതല്ല.

**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**